110. മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—കൊച്ചിരാജ്യത്തു പുറത്തുനിന്നു പ്രസിദ്ധംചെയ്യുവരുന്ന ഏതെല്ലാംവർത്തമാനപത്രങ്ങൾക്കാണ് ഫർവേ സെപ്തമ്പർ ഫ്രാന്തെ പ്രൊസീഡിംഗ്സിൽ പറഞ്ഞതോ അതിൽകൂടുതലോ ആയ അനുകൂല്യങ്ങൾ ചെയ്തുവരുന്നതെന്നു ഈ സഭയെ ധരിപ്പിക്കുവാൻ സർവ്വമെണ്ടിനു ദയവുണ്ടാകുമോ?

മിസ്റ്റർ എ.കെ.വെങ്കിട്ടഅയ്യർ.—പ്രസ്തുത പ്രൊസീഡിംഗ്സിൽ പറയുന്ന എല്ലാ അനുകൂല്യങ്ങളും കൊച്ചിരാജ്യത്തു പുറത്തുനിന്നു പ്രസിദ്ധംചെയ്യുവരുന്ന ഒരുവർത്തമാനപത്രത്തിനും കൊടുക്കുന്നില്ല.

Newspapers and Journals.

111. Mr. K. T. Mathew.—Will the Government be pleased to inform :—

(a) the names of newspapers and journals published from the State;

(b) how many copies of these and of those published from outside the State the Government are getting?

Mr. A. K. Vengu Ayyar.—(a) A list is appended (*Vide Appendix V.*)

(b) As for the papers published from the State, the number of copies which the Government get is regulated by the Press Regulation, VII of 1097. As for those published from outside, vide answer to question No. 109.

Kottekat—Mundur Road.

112. മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—(എ). മൂലിയൂർ, പേരാമംഗലം, ആവണൂർ ഈ വില്ലേജുകളിൽപെട്ട ർ ൈ, ർ ർ ഭ, ർ ർ ഫ, ർ ർ ൻ, ഭ ർ വ, ഈ സർവ്വെ നമ്പർ നിലങ്ങളിൽനിന്നു ഏതാനും ഭാഗം കൊട്ടെക്കാട്ട-മുണ്ടൂർറോഡിനു വേണ്ടി വിലകൊടുത്തു എടുക്കുവാൻ സർവ്വമെണ്ടു് ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി.) ഉണ്ടെങ്കിൽ ജന്മവിലകൊടുത്തു എടുക്കേണ്ടിവരുന്ന ഇരുപ്പുനിലങ്ങൾ എത്ര ഏക്കർ വരുമെന്നും അതിനു് എന്തുസംഖ്യ ജന്മവില കൊടുക്കേണ്ടിവരുമെന്നും ദയവുചെയ്തു പറയാമോ;

(സി.) മേല്പറഞ്ഞ സർവ്വെ നമ്പറുകളിൽകൂടി റോഡുണ്ടാക്കുന്നപക്ഷം പുതുതായി എത്രപാലം പണിയേണ്ടിവരുമെന്നും ഓരോ പാലവും എത്ര അടി നീളം വരുമെന്നും പാലം പണിക്കു് ഉദ്ദേശം വേണ്ടിവരുന്നസംഖ്യ എന്താണെന്നും പറയുവാൻ സർവ്വമെണ്ടിനു് ദയവുണ്ടാകുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(എ) കൊട്ടെക്കാട്ട-മുണ്ടൂർ റോഡ് വഴിക്കുള്ള കൃഷിനിലങ്ങളിൽനിന്നും ഒഴുകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തോട്ടിന്മേൽ ഒരു പാലം പണിയിക്കുന്നതിനും അതിന്റെ രണ്ടറ്റത്തും മൺചിറ പിടിപ്പിക്കുന്നതിനും സർക്കാരുണ്ടു തീരുമാനിച്ചിട്ടുണ്ടു്. എന്നാൽ അതു് ഇന്നസ്ഥലത്താണു് വേണ്ടതെന്നു കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

(ബി). പണികൾ നടത്തേണ്ടുന്ന സ്ഥലം തീർച്ചപ്പെടുത്തിയതിനു് ശേഷമെ ഈ സംഗതികൾ നിർണ്ണയിപ്പാൻ തരമുള്ളൂ.

(സി.) മുകളിൽ കൊടുത്തിട്ടുള്ള ഉത്തരം നോക്കുക.

113. മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—(എ) കൊട്ടെക്കാട്ടുമണ്ണൂർ റോഡു, മൂലിപ്പുരി, ആവണൂർ ഈ വില്ലേജുകളിൽപ്പെട്ട ൨൯൫, ൨൯൬, ൫൫൫, ൫൫൬, ൫൯൦ ഈ സർവ്വെനമ്പറുകളിൽകൂടി ആക്കിയാൽ കൊള്ളാമെന്നുള്ള വല്ല അപേക്ഷകളും സർക്കാരിനു് കിട്ടീട്ടുണ്ടൊ?

(ബി.) പുതുതായി ഉണ്ടാക്കുന്ന റോഡു് മേല്പറഞ്ഞ സർവ്വെനമ്പറുകളിൽകൂടി ആയാൽ സർവ്വെ ൫൯-ാംനമ്പർ നിലത്തിനു് തൊട്ടപടിഞ്ഞാറുഭാഗമുള്ള പാലം ഈ റോഡിനു് ഉപയോഗപ്പെടുവാനും ജന്മവിലകൊടുത്തു വാങ്ങേണ്ടിവരുന്ന ഇരിപ്പൂമു നിലങ്ങൾ കുറക്കുവാനും സാദ്ധ്യമാണൊ എന്നു സർക്കാരിന്നു് അന്വേഷിച്ചിട്ടുണ്ടൊ?

(സി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു സ്ഥലത്തുപോയി പരിശോധിച്ചു റിപ്പോർട്ടു് അയച്ചിട്ടുള്ളതു് ഏതെല്ലാം ഉദ്യോഗസ്ഥന്മാരാണെന്നും ഒന്നിലധികം പേർ റിപ്പോർട്ടു് അയച്ചിട്ടുണ്ടെങ്കിൽ ഓരോരുത്തരും സമർപ്പിച്ച റിപ്പോർട്ടു് എന്നാണെന്നും പറയുവാൻ സർക്കാരിനു് ദയവുണ്ടാകുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(എ). ഉണ്ടു്.

(ബി.) & (സി) ടി അപേക്ഷകളെപ്പറ്റി അന്വേഷണം നടത്തുന്നുണ്ടു്.

114. മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—(എ) മൂലിപ്പുരി വില്ലേജിൽ സർവ്വെ ൫൯൦-ാംനമ്പർ നിലത്തിന്റെ പടിഞ്ഞാറുഭാഗമുള്ള പെരുങ്കടമ്പു ചിറയുടെ സമീപത്തുകൂടി ഒരു റോഡുണ്ടാക്കുന്നപക്ഷം ടി ചിറകൊണ്ടുള്ള ഉപയോഗം നശിക്കുമെന്നും കൃഷിക്കു വലിയ ദോഷം നേരിടുമെന്നും അതെങ്കിലും സർക്കാരിനെ അറിയിച്ചിട്ടുണ്ടൊ?

(ബി.) ഉണ്ടെങ്കിൽ ഏതു ഹർജികൾ കിട്ടീട്ടുണ്ടെന്നും എന്തെല്ലാം അന്വേഷണങ്ങളാണു് നടത്തിയതെന്നും ഈ കാര്യത്തിൽ സർക്കാരു ചെയ്ത തീരുമാനം എന്താണെന്നും ദയവുചെയ്തു പറയാമൊ?

മിസ്റ്റർ വി. കെ. അരിവിന്ദാക്ഷമേനോൻ.—(എ). ഉണ്ടു്.

(ബി.) മൂന്നു ഹർജികൾ കിട്ടീട്ടുണ്ടു്. ചീഫ് എൻജിനീയർ അവയെപ്പറ്റിയുള്ള അന്വേഷണങ്ങൾ നടത്തുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly